**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **11-09-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന റോഡുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് -പാലക്കാട് ദേശീയ പാതയിൽ രാമനാട്ടുകര മുതൽ കുളത്തൂർ ജംഗ്ക്ഷൻ വരെ നാല് വരി പാതയാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നുവോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ക്ഷൻ വരെ നാലുവരി പാതയാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് ഉദ്ദേശം 9.02 കി.മീ. അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | കുളത്തൂർ ജംഗ്ക്ഷൻ മുതൽ എയർപോർട്ട് വരെ നിലവിലുള്ള റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ ആക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (ബി) | കുളത്തൂർ ജംഗ്ക്ഷൻ മുതൽ എയർപോർട്ട് വരെ നിലവിലുള്ള റോഡ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ടി പ്രവൃത്തിക്ക് മതിയായ ഫണ്ട് വകയിരുത്തിയതിന് ശേഷം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന പൊതുമരാമത്ത് റോഡുകൾ നന്നാക്കുന്നതിന് സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾ മതിയായ തുകയില്ല എന്ന കാരണം പറഞ്ഞ് തിരിച്ചയയ്ക്കുന്നതിനാൽ ഇതിന് വേണ്ടി പ്രത്യേക പാക്കേജ് ഉണ്ടാക്കി റോഡ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ